ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിയ്ക്കുന്നില്ല.

സെക്രട്ടേറിയറ്റിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻമാർ

61 [876] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സെക്രട്ടേറിയറ്റിൽ നിന്ന് എത്ര ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്;

(ബി) അതിൽ എത്രപേരെ ഇനിയും തിരിച്ചെടുക്കുവാനുണ്ട്;

(സി) തിരിച്ചെടുക്കാത്ത ഓരോരുത്തരുടെയും മേൽ ചുമത്തിയിരിക്കുന്ന കുറ്റം എന്താണ്;

(ഡി) തിരിച്ചെടുക്കാത്ത ഓരോരുത്തരുടെയും മേൽ എടുത്ത ശിക്ഷാ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) രാഷ്ട്രീയ വൈരാഗ്യം വച്ച് നിരപരാധികളായ ഉദ്യോഗസ്ഥരെ പീഡിപ്പിക്കുന്നുവെന്ന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണ സെക്രട്ടേറിയറ്റിൽ നിന്നും 15 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരിൽ 5 പേരെ ഇനിയും തിരിച്ചെടുക്കാനുണ്ട്.

(സി) സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരിൽ ശിപായിമാരായ ശ്രീ. ഡി. രഘുവിന്റേയും, ശ്രീ. ഷംനാദിന്റേയും പേരിൽ പോലീസ് കേസ് നിലവിലുള്ളതിനാലും, സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റായ ശ്രീ. വി. എഫ്. മുഹമ്മദ് ഇക്ക്ബാലിന്റെ പേരിൽ പ്രധാനപ്പെട്ട ഒരു ഫയലിൽ യഥാസമയം നടപടി സ്വീകരിക്കാത്തതിനാലും രണ്ടാം ഗ്രേഡ് അസിസ്റ്റന്റായ ശ്രീ. എസ്. സന്തോഷ് കുമാറിന്റെ പേരിൽ ഫയലുകൾ നഷ്ടപ്പെട്ടതിനും, ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ.പി. എ. ഷംസുദീന്റെ പേരിൽ സർക്കാരിലേയ്ക്ക് ബാറ്ററി വാങ്ങിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച ആരോപണമുള്ളതിനാലുമാണ് സസ്പെന്റ് ചെയ്യപ്പെട്ടത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശ്രീ. ഡി. രഘുവിന്റേയും, ശ്രീ. ഷംനാദിന്റേയും കേസിൽ അന്വേഷണ റിപ്പോർട്ട് കാത്തിരിക്കുകയാണ്. ശ്രീ. വി. എഫ്. മുഹമ്മദ് ഇക്ബാലിന്റേയും, ശ്രീ. എസ്. സന്തോഷിന്റേയും കേസിൽ പ്രാഥമിക അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ശ്രീ.പി. എ. ഷംസുദ്ദീന്റെ പേരിലുള്ള കേസിൽ അന്വേഷണം പൂർത്തിയായിട്ടില്ല.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ രണ്ടാം ടെർമിനലിനു വേണ്ടിയുള്ള സ്ഥലമെടുപ്പ്

62 [877] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ രണ്ടാം ടെർമിനലിനു വേണ്ടിയുള്ള സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) 2001 മേയ് മാസത്തിന് ശേഷം എത്ര ഉടമകളിൽ നിന്ന് സ്ഥലം ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(സി) സ്ഥലമേറ്റെടുക്കലിനെതിരെ നിലവിൽ എത്ര കേസ്സുകൾ ഉണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) കോടതിയ്ക്ക് പുറത്തുള്ള ചർച്ചകളിലൂടെ എത്ര കേസുകൾക്ക് പരിഹാരം ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) 2001 മേയ് മാസത്തിന് ശേഷം വിമാനത്താവള വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) സർവ്വീസ് നടത്താൻ അനുമതി ചോദിച്ച് ഏതെങ്കിലും വിമാന കമ്പനികൾക്ക് അവസരം നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) രണ്ടാം ടെർമിനലിനു വേണ്ടിയുള്ള ഒന്നാം ഘട്ടമായി 27 ഏക്കറിൽ 29-6-2004 വരെ 251 കേസുകളിലായി 26.53000 ഏക്കർ ഭൂമി എടുത്തു കഴിഞ്ഞു. രണ്ടാം ഘട്ടമായി 120 ഏക്കർ സ്ഥലത്തിന്റെ 4 (1) ന്റേയും 6 (1) ന്റേയും ഗസറ്റ് വിജ്ഞാപനത്തിന് വേണ്ടിയുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) 251 ഉടമകളിൽ നിന്ന്.

(സി) 13 കേസ്സുകൾ.